പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1137 — 02.05.2017 ൽ മറുപടിയ്ക്ക്

## ജൈവകൃഷി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2016-17- ൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷി മുറകൾ പാലിച്ചു കൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തു. ഒരു ഹെക്ടറിന് 3000/- രൂപ നിരക്കിൽ ധനസഹായം നൽകി.<br>കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി എ പി സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.<br>കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500/- രൂപ വീതവും ധനസഹായം നൽകി. |

ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

വിഷരഹിത പഴം- പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചു കൃഷി ചെയ്ത് വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി നല്ല കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽ നിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും, മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി.

മേൽ രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി എ പി സർട്ടിഫിക്കേഷനോടു കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി.

ഈ സാമ്പത്തിക വർഷത്തിലും ടി പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നു. കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് പദ്ധതി

പ്രകാരം ജൈവകൃഷി വ്യാപനം ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്.

ഇതിനു പുറമെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സംസ്ഥാനതല അവാർഡുകൾ നൽകി വരുന്നു. ഏറ്റവും മികച്ച നിലയിൽ ജൈവകൃഷി നടത്തുന്ന അസംബ്ലി നിയോജക മണ്ഡലങ്ങൾക്ക് അവാർഡ് നൽകുന്നുണ്ട്. ഒന്നാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 15 ലക്ഷം രൂപയും, രണ്ടാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 10 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 5 ലക്ഷം രൂപയുമാണ് അവാർഡ് തുക.

s.le...

**സെക്ഷൻ ഓഫീസർ**